Mobile/ Whatsapp: +9194959 98258
Website:http://www.kwa.kerala.gov.in

Tel: 0471 2738300
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/HO/RMC/R3/598/2022 (I)

തീയതി: 21.07.2022

**സർക്കുലർ**

വിഷയം:- ആംനെസ്റ്റി പദ്ധതി നടത്തിപ്പ് സംബന്ധിച്ച്.

സൂചന :- ജല വിഭവ (ജലവിതരണ - ബി) വകുപ്പിൻറെ 18-07-2022 ലെ സ.ഉ (സാധാ) നം 615/ജ.വി.വ.

കേരള ജല അതോറിറ്റിക്ക് 30-06-2022 വരെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും 922.48 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്. ഉപഭോക്താക്കൾക്ക് പരമാവധി ഇളവുകൾ നൽകി കുടിശ്ശിക തീർക്കുവാനായി സൂചന ഉത്തരവ് പ്രകാരം സർക്കാർ ആംനെസ്റ്റി പദ്ധതി അംഗീകരിച്ചു നൽകിയിട്ടുണ്ട്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)

ആംനെസ്റ്റി പദ്ധതി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശ്ശങ്ങൾ നൽകുന്നു.

1. സർക്കാർ ഉത്തരവിൻ പ്രകാരം ആംനെസ്റ്റി സ്കീമിൽ പ്രഖ്യാപിച്ചിട്ടുള്ള പരാതി പരിഹാരത്തിനും/ആനുകൂല്യങ്ങൾക്കുമായി ഉപഭോക്താവ്/അപേക്ഷകൻ അവരുടെ ബന്ധപ്പെട്ട സെക്ഷനിൽ / സബ്-ഡിവിഷനിൽ അസ്സി. എൻജിനീയർക്ക് / അസ്സി. എക്സി. എൻജിനീയർക്ക് അപേക്ഷ നൽകേണ്ടതാണ്.

2. ഒരു അപേക്ഷ സ്വീകരിക്കുമ്പോൾ സെക്ഷൻ/ സബ് ഡിവിഷനിൽ നിന്നും അപേക്ഷകന് അനുബന്ധത്തിൽ ചേർത്തിട്ടുള്ള മാതൃക പ്രകാരം കൈപ്പറ്റ് രസീത് കൊടുക്കേണ്ടതും, കൈപ്പറ്റു രസീതിൽ ടോക്കൺ നമ്പറും പരാതി പരിഹാരത്തിനായി അപേക്ഷകൻ ഹാജരാകേണ്ട സ്ഥലവും, തീയതിയും, സമയവും രേഖപ്പെടുത്തേണ്ടതുമാണ്. അപേക്ഷ ലഭിച്ച് 8 ദിവസത്തിനുള്ളിൽ പരിഹരിച്ചിരിക്കണം.

3. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സബ് ഡിവിഷനിൽ അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതാണ്. (ഫോർമാറ്റ് അനുബന്ധം 1 ആയി ചേർക്കുന്നു)

4. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സബ് ഡിവിഷനിൽ ഒരു ഫയൽ തയ്യാറാക്കേണ്ടതും അതിൽ താഴെ പറയുന്ന ഷീറ്റുകൾ ഉണ്ടാകേണ്ടതുമാണ്; ഒറിജിനൽ അപേക്ഷ (അനുബന്ധം 2-ൽ കൊടുത്തിട്ടുള്ള മാതൃകയിൽ)

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-2022 10:24 PM - Page 1

- അപേക്ഷ സംബന്ധിച്ച ലഘു വിവരം. ഇതിൽ ടോക്കൺ നമ്പർ, ഉപഭോക്തൃ നമ്പർ, മൊബൈൽ നമ്പർ, ഉപഭോക്താവിന് ലഭിക്കുന്ന മുൻഗണന, പരാതിയുടെ സ്വഭാവം, പരാതി പരിഹാര സ്ഥലവും തീയതിയും സമയവും മുതലായ കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കണം.
- മീറ്റർ ഇൻസ്പെക്ടർ/ ഓവർസിയർ/ മീറ്റർ റീഡർ എന്നിവരിൽ ആരുടെയെങ്കിലും റിപ്പോർട്ട്.
- അസ്സി. എഞ്ചിനീയറുടെ റിപ്പോർട്ട്.
- ഹെഡ് ക്ലാർക്കിൻറെ റിപ്പോർട്ട് / കാൽക്കുലേഷൻ സ്റ്റേറ്റ്മെൻറ്
- അസ്സി. എക്സി. എഞ്ചിനീയറുടെ റിപ്പോർട്ട്
- അദാലത്ത്ബെഞ്ചിൻറെ തീരുമാനം (3 കോപ്പി)
- കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകളിൽ കേസ് പിൻ വലിക്കുന്നത് സംബന്ധിച്ചും ഈ കാര്യത്തിൽ വേറൊരു ഫോറത്തിനെ/ സമിതിയെ സമീപിക്കുകയില്ല എന്നതിനെ സംബന്ധിച്ചും ഉപഭോക്താവിൻറെ സത്യവാങ്മൂലം.
- മറ്റു അനുബന്ധ രേഖകൾ.

5. റവന്യൂ ഹെഡ് ക്ലാർക്ക് പരാതി പരിശോധിച്ച് ഫീൽഡ് റിപ്പോർട്ട് ആവശ്യമുള്ള അപേക്ഷകൾ സെക്ഷനിലെ അസ്സി. എഞ്ചിനീയർ വഴി മീറ്റർ ഇൻസ്പെക്ടർ/ഓവർസിയർ/മീറ്റർ റീഡർ പരിശോധിച്ച് അപേക്ഷ ലഭിച്ച അന്ന് തന്നെ കൈമാറേണ്ടതും രണ്ടു ദിവസത്തിനുള്ളിൽ റിപ്പോർട്ട് അസ്സി. എഞ്ചിനീയറുടെ റിമാർക്സ് അടക്കം ഹെഡ് ക്ലാർക്കിന് തിരിച്ച് ലഭിക്കേണ്ടതുമാണ്.

6. വാട്ടർ ചാർജ്ജ് പുന:ക്രമീകരിക്കേണ്ട അപേക്ഷകൾ റവന്യൂ ക്ലാർക്കുമാർ സ്കീമിൽ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ പ്രകാരം കണക്കാക്കി രണ്ടു ദിവസത്തിനകം ഹെഡ് ക്ലാർക്കിന് തിരിച്ചേൽപ്പിക്കേണ്ടതാണ്. ഹെഡ് ക്ലാർക്ക് കണക്ക് പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ട് ഫയൽ അസ്സി. എഞ്ചിനീയർക്ക് കൈമാറേണ്ടതാണ്. അസ്സി. എഞ്ചിനീയർ കണക്ക് പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ട് ഫയൽ അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറേണ്ടതാണ്.

7. അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിമാർക്സോടെ സബ് ഡിവിഷനിൽ നിന്നും ഫയലുകൾ ഡിവിഷൻ ഓഫീസിലേക്ക് ഉടൻ കൈമാറേണ്ടതും വ്യാഴാഴ്ചകളിൽ എക്സ്സി. എഞ്ചിനീയർ, റവന്യൂ ഓഫീസർ, അസ്സി. എക്സി. എഞ്ചിനീയർ, റവന്യൂ ഹെഡ് ക്ലാർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ രാവിലെ 10 മണി മുതൽ അദാലത്ത് നടത്തേണ്ടതാണ്.

8. അദാലത്ത് തീരുമാനം 3 കോപ്പി വേണ്ടതാണ്. ഈ 3 കോപ്പിയിലും അദാലത്ത് ബഞ്ചിൽ ഉൾപ്പെട്ട എക്സി. എഞ്ചിനീയർ, റവന്യൂ ഓഫീസർ, അസ്സി. എക്സി. എഞ്ചിനീയർ, റവന്യൂ ഹെഡ് ക്ലാർക്ക് എന്നിവർ ഒപ്പിടേണ്ടതും, തീരുമാനം അംഗീകരിക്കുന്നു/ അംഗീകരിക്കുന്നില്ല എന്നതിൽ ഏതാണോ വേണ്ടത് അത് താഴെ രേഖപ്പെടുത്തി അവിടെ പരാതിക്കാരൻ ഒപ്പിടേണ്ടതും, തീരുമാനത്തിൻറെ ഒരു കോപ്പി പരാതിക്കാരന് നൽകേണ്ടതുമാണ്.(അനുബന്ധം 4)

9. ഈ അദാലത്തിലെ തീരുമാനപ്രകാരം അടക്കേണ്ടതുകയുടെ 50% അപേക്ഷകൻ പരിഹാര ദിവസം തന്നെയോ 15 ദിവസത്തിനുള്ളിലോ അടച്ചു തീർക്കേണ്ടതാണ്.

10. ബാക്കി തുക അപേക്ഷകൻ ആവശ്യപ്പെടുന്നപക്ഷം പരമാവധി 6 ഗഡുക്കൾ വരെ റവന്യൂ ഓഫീസർ അനുവദിച്ച് നൽകേണ്ടതാണ്. ഗഡുക്കൾ മുടങ്ങുന്നപക്ഷം അദാലത്തു തീരുമാനം ഇല്ലാതാകുന്നതാണെന്ന് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

11. ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പരാതികളിൽ ഏതൊക്കെ പരിഹരിച്ചു എന്നും അതുവഴി എത്ര രൂപ പിരിഞ്ഞു കിട്ടി എന്നും എത്ര രൂപ ഒഴിവാക്കി എന്നും കാണിക്കുന്ന കണക്ക് തയ്യാറാക്കേണ്ടതാണ്.

12. കാൻസർ, അവയവമാറ്റ ശസ്ത്രക്രിയ, ഡയാലിസിസ്സ് വിധേയമാകുന്നവർ, മാനസിക വെല്ലുവിളി

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-2022 10:24 PM - Page 2

നേരിടുന്ന കുട്ടികൾ എന്നിവരുള്ള കുടുംബങ്ങൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ ആനുകൂല്യം ലഭിക്കുന്നതാണ്.കൂടാതെ ഉപഭോക്താവ് വാടകകാരൻ ആണെങ്കിൽ വാടക ചീട്ടും ഉപഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൻറെ കോപ്പിയും കൂടി സമർപ്പിക്കേണ്ടതാണ് .*കണക്ഷൻ വിച്ഛേദിക്കപ്പെട്ടിട്ടുള്ള ഗാർഹിക/ ഗാർഹികേതര ഉപഭോക്താക്കൾ ഡിസ്കണക്ഷൻ/ റീകണക്ഷൻ ഫീസ് ഒടുക്കുന്ന പക്ഷം ഈ തുക കുടിശികയിൽ ഇളവ് വരുത്തുന്നതാണ്.

13. ഗാർഹികേതര കണക്ഷനുകളിൽ ലീക്ക് വന്നിട്ടുണ്ടെങ്കിൽ ലീക്ക് വന്നതിനു മുൻപുള്ള ആറു മാസത്തെ ആവറേജ് കണക്കാക്കി, ടി ആവറേജിന് മുകളിലുള്ള ഉപഭോഗത്തിനു ലീക്കേജ് ആനുകൂല്യം ഈ പദ്ധതി പ്രകാരം നൽകുന്നതാണ്.

14. വായു പ്രവാഹം മൂലം അധിക ബിൽ വന്ന ഉപഭോക്താക്കൾ Air Valve ഘടിപ്പിക്കുകയും ഇതു സംബന്ധിച്ച് മീറ്റർ റീഡർ മാരുടെ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ആനുകൂല്യം ലഭിക്കുന്നതുമാണ്.

15. കണക്ഷൻ ഭൗതികമായി നിലവിൽ ഇല്ലെങ്കിൽ യഥാർത്ഥ വാട്ടർ ചാർജ്ജ് മാത്രം ഈടാക്കി കുടിശ്ശിക തുക ഒഴിവാക്കി നൽകുന്നതാണ്. എന്നാൽ വാട്ടർ ചാർജ് അടച്ചു തീർക്കുകയും ഡിസ്കണക്ഷൻ ഫീസ് ഒടുക്കാത്തത് മൂലം വന്ന ചാർജ് ഒഴുവാക്കിനൽകുന്നതിനു മീറ്റർ റീഡർ മാരുടെ റിപ്പോർട്ട് അവശ്യ മാണ്.

16. RR ഉള്ള ഉപഭോക്താക്കൾ ആയത് ആംനെസ്റ്റി പദ്ധതിയിൽ ആനുകൂല്യം ലഭിക്കുകയാണെങ്കിൽ തീർപ്പാക്കുന്ന തുകയ്ക്കു പുറമെ ചാർജ്ജും അടയ്ക്കേണ്ടതാണ്

17. ആംനെസ്റ്റി പദ്ധതിയിൽ ഉപഭോക്താക്കളുടെ അപേക്ഷകൾ 15-08-2022 5.00 PM വരെ സ്വീകരിക്കാവുന്നതാണ്.

18. ദൈനംദിന റിപ്പോർട്ടും വാരാന്ത്യ റിപ്പോർട്ടും ഗൂഗിൾ ഷീറ്റിൽ അപ്ലോഡ് ചെയേണ്ടതാണ്.

**ഷിജിത്ത് വി**

ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

എല്ലാ റവന്യൂ എ.ആർ.യു കൾക്കും

ഉള്ളടക്കം

ജല വിഭവ (ജലവിതരണ - ബി) വകുപ്പിൻറെ 18-07-2022 ലെ സ.ഉ (സാധാ) നം 615/ജ.വി.വ.

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-2022 10:24 PM - Page 3

The document is digitally approved. Hence signature is not needed.

GO

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി - ഊർജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജലവിഭവ (ജലവിതരണ - ബി) വകുപ്പ്

സ.ഉ.(സാധാ) നം.615/2022/WRD തീയതി,തിരുവനന്തപുരം, 18-07-2022

---

പരാമർശം:- 1. സ.ഉ.(കൈ).നം.43/2022/WRD തീയതി 28/06/2022.

2. 04/07/2022 തീയതിയിലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ KWA/HO/RMC/R3/598/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ദയനീയ അവസ്ഥ മറികടക്കുന്നതിനായി ഊർജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് പരാമർശം 1 മുഖേന അനുമതി നൽകുകയുണ്ടായി.

2. മേൽ പരാമർശ ഉത്തരവ് നടപ്പിലാക്കുന്നതിനായുള്ള 'ആംനസ്റ്റി പദ്ധതി' സർക്കാർ അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനായി അനുബന്ധമായി ചേർക്കുന്ന ആംനസ്റ്റി പദ്ധതിക്ക് അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീമാ മാനുവൽ
അഡിഷണൽ സെക്രട്ടറി

To

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-2022 10:24 PM - Page 4

അനുബന്ധം

## ആംനസ്റ്റി പദ്ധതി

## ദീർഘകാല വാട്ടർ ചാർജ് കടിശ്ശിക പിരിക്കുവാനുള്ള ഒരു പദ്ധതി

നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ബില്ല് കിട്ടി 30 ദിവസങ്ങൾക്കകം വാട്ടർ ചാർജ് അടക്കേണ്ടതാണ്. നിശ്ചിത തിയതി കഴിഞ്ഞാൽ റെഗുലേഷൻ 14 പ്രകാരം ഗാർഹിക ഉപഭോക്താക്കൾ പ്രതിമാസം അഞ്ചു (5) രൂപ നിരക്കിലും, ഗാർഹികേതര ഉപഭോക്താക്കൾ പ്രതിമാസം 2% നിരക്കിലും ഫൈൻ അടക്കേണ്ടതാണ്. എന്നാൽ വലിയൊരു വിഭാഗം ഉപഭോക്താക്കൾ കൃത്യമായി വാട്ടർ ചാർജ് അടക്കാത്തതു കാരണം ഭീമമായ കടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ട്. അതോറിറ്റിയുടെ രേഖകൾ അനുസരിച്ച് 2022 മെയ് 31നു പിരിഞ്ഞു കിട്ടാനുള്ള കടിശ്ശിക 1130.26 കോടി രൂപയാണ്. ഇതിൽ സർക്കാർ വകുപ്പുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെയും കടിശ്ശിക ഉൾപ്പെടുന്നു.

മുകളിൽ സൂചിപ്പിച്ച ഭീമമായ കടിശ്ശിക അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിലും, കേരളം മുൻപൊന്നും കണ്ടിട്ടില്ലാത്ത കോവിഡ് മഹാമാരി പൊതുസമൂഹത്തെ സാരമായി ബാധിച്ച സാഹചര്യത്തിലും ഒരു ആംനസ്റ്റി പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നു.

ഇളവുകൾ ആർക്കൊക്കെ?

എല്ലാ ഉപഭോക്താക്കളും ആംനസ്റ്റി പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്

| | |
|---|---|
| ആംനസ്റ്റി പദ്ധതിയുടെ കാലാവധി | 15.07.2022 – 15.08.2022 |
| അപേക്ഷ സ്വീകരിക്കുന്ന തിയതികൾ | 15.07.2022 – 15.08.2022<br>(എല്ലാ പ്രവർത്തി ദിവസങ്ങളിലും ) |
| ആംനസ്റ്റി പദ്ധതിയിൽ അപേക്ഷ പരിഗണിക്കാനായുള്ള സിറ്റിംഗ് നടത്തുന്ന ദിവസങ്ങൾ | 15.07.2022 – 15.08.2022<br>(എല്ലാ വ്യാഴാഴ്ചകളിലും) |

ഉപാധികളും നിബന്ധനകളും

1. **30.06.2021**നു മുൻപു മുതൽ വാട്ടർ ചാർജ് കടിശ്ശിക നിലനിൽക്കുന്ന ഉപഭോക്താക്കൾക്ക് ആംനസ്റ്റി പദ്ധതിയിൽ അപേക്ഷ നൽകാം. (ഈ തിയതിക്ക് മുൻപ് കടിശ്ശിക ഇല്ലാത്ത ഉപഭോക്താക്കൾക്ക് ഇതിലെ ആനുകൂല്യം ലഭിക്കുന്നതല്ല)
2. റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന ഉപഭോക്താക്കൾ ആവശ്യപ്പെടുന്നപക്ഷം ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്തുന്നതാണ്. ഈ പദ്ധതിയിൽ തീർപ്പാക്കിയ തുകക്ക് പുറമെ റവന്യൂ ഡിപ്പാർട്ട്മെന്റിന് അടക്കാനുള്ള RR ചാർജ് കൂടി ഉപഭോക്താക്കൾ അടക്കേണ്ടതാണ്.
3. കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട ഉപഭോക്താക്കളുടെ കാര്യത്തിൽ, കേസ് പിൻവലിക്കുകയാണെങ്കിൽ ആംനസ്റ്റി പദ്ധതിയിൽ പരിഗണിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം കടിശ്ശിക തീർപ്പാക്കിയ ഉപഭോക്താക്കൾ ഇതേ ആവശ്യത്തിന് വീണ്ടും വേറൊരു ഫോറത്തിനെ /സമിതിയെ സമീപിക്കുവാൻ പാടില്ല.

### ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

I. ഗാർഹിക ഉപഭോക്താക്കൾക്ക്

- വാട്ടർ ചാർജ് കടിശ്ശികയുടെ പേരിൽ കണക്ഷനുകൾ വിച്ഛേദിക്കപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക് യഥാർത്ഥ വാട്ടർ ചാർജും, ഫൈനും (പ്രതിമാസം അഞ്ചു രൂപ നിരക്കിൽ (ആംനസ്റ്റി പദ്ധതിയിൽ തീർപ്പാകുന്നതുവരെ ) അടച്ചാൽ കണക്ഷൻ പുനസ്ഥാപിച്ചു നൽകുന്നതാണ്.
- കാൻസർ, അവയവമാറ്റ ശസ്ത്രക്രിയ, ഡയാലിസിസ് നടത്തുന്നവർ, മാനസിക വെല്ലുവിളി നേരിടുന്ന

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-2022 10:24 PM - Page 5

കുട്ടികൾ എന്നിവരുള്ള കുടുംബങ്ങൾക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വാട്ടർ ചാർജ് മാത്രം ഈടാക്കി കണക്ഷൻ പുനസ്ഥാപിച്ചു നൽകുന്നതാണ്. ഉപഭോക്താക്കൾക്ക് ബാക്കി കുടിശ്ശിക തുക ഒഴിവാക്കി നൽകുന്നതാണ്.

- ലീക്കേജ് കാരണം അധിക ബില്ല് വന്നിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് നിലവിൽ 50 KL ൽ കൂടുതൽ അധികമായി രേഖപ്പെടുത്തുന്ന ഉപയോഗത്തിന് ഓരോ കിലോ ലിറ്ററിനും 20 രൂപ വീതം കണക്കാക്കി ഒഴിവാക്കുകയാണ് ചെയ്യുന്നത്. 30/06/2021 മുന്‍ ലീക്ക് വന്നിട്ടുള്ളതും ഉപഭോഗം 25 KL നു മുകളിൽ വന്നിട്ടുള്ളതുമായ ഉപഭോക്താക്കൾക്ക് 25 KL നു മുകളിൽ വന്നിട്ടുള്ള വാട്ടർ ചാർജിന്റെ പകുതി ഈ സ്കീമിൽ ഒഴിവാക്കി നൽകുന്നതാണ്.
- നിലവിൽ BPL ഉപഭോക്താക്കൾക്കു പ്രതിമാസ ഉപയോഗം 15,000 ലിറ്ററോ അതിൽ താഴെയോ ആണെങ്കിൽ പൂർണമായും സൗജന്യമാണ്. എന്നാൽ ഏതെങ്കിലും അവസരത്തിൽ പ്രതിമാസ ഉപയോഗം 15,000 ലിറ്ററിൽ കൂടുതൽ രേഖപ്പെടുത്തിയാൽ ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഉപയോഗിച്ച മുഴുവൻ കുടിവെള്ളത്തിനും ഗാർഹിക താരിഫിൽ വാട്ടർ ചാർജ് അടക്കേണ്ടതാണ്. കുടിശ്ശിക അടച്ചു തീർക്കുന്നതുവരെ ഇവർക്കു BPL ആനുകൂല്യം ലഭ്യമല്ല. BPL ഉപഭോക്താക്കളുടെ കുടിശ്ശിക വര്‍ധിച്ചുവരികയും, അതോറിറ്റിക്ക് പിരിച്ചെടുക്കാൻ ബുദ്ധിമുട്ടാവുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി ആകെയുള്ള ഉപയോഗത്തിൽ നിന്നും (ലീക്ക് ഉൾപ്പെടെ) പരമാവധി 2,70,000 ലിറ്റർ (270KL) വരെ ഒഴിവാക്കി, അതിനു മുകളിൽ രേഖപ്പെടുത്തിയ ഉപയോഗത്തിന് മാത്രം ഗാർഹിക താരിഫിലെ മിനിമം ചാർജ് ഈടാക്കുന്നതാണ് (മാർച്ച് 2020 മുതൽ ഓഗസ്റ്റ് 2021 വരെയുള്ള 18 മാസത്തേക്ക് 15 KL പ്രകാരം 18 x 15 = 270 KL). ഈ കാലയളവിൽ നിലനിന്നിരുന്ന കോവിഡ് സാഹചര്യം കണക്കിലെടുത്താണ് ആനുകൂല്യം നൽകുന്നത്. ഓരോ BPL കാർഡും സിവിൽ സപ്ലൈസ് ഡിപ്പാർട് മെന്റിന്റെ ഓൺലൈൻ സംവിധാനത്തിൽ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. 30.06.2021 നു മുൻപ് അധിക ഉപയോഗം / ലീക്കേജ് വന്നിട്ടുള്ള ഉപഭോക്താക്കൾക്കാണ് ഇത് ബാധകമായിട്ടുള്ളത്. ഇപ്രകാരം ഒരു BPL ഉപഭോക്താവിന് ലഭിക്കുന്ന ആനുകൂല്യം താഴെ കൊടുക്കുന്നു:

ഉദാ: കൺസ്യൂമർ നമ്പർ: **100 (BPL)**

പ്രസ്തുത ഉപഭോക്താവിന് 12/2019 പ്രതിമാസ ഉപയോഗം 15KL നു താഴെയായിരുന്നു. അതിനാൽ 12/2019 വരെ വരെ കുടിശ്ശിക ഇല്ല. അതിനുശേഷം ലീക്ക് മൂലം പ്രതിമാസ ഉപയോഗം 15 KL നു മുകളിൽ വരികയും BPL ആനുകൂല്യം നഷ്ടപ്പെടുകയും ചെയ്തു. 1/2020 മുതൽ 4/2020 വരെ ഉപഭോക്താവിന്റെ കുടിശ്ശിക **53,133/-** രൂപയാണ്. ഈ കാലയളവിലെ ആകെ ഉപയോഗം 1913 KL ആണ്. ആംനസ്റ്റി പദ്ധതി പ്രകാരം ഈ ഉപഭോക്താവിന് **45887/-** രൂപയുടെ ആനുകൂല്യം ലഭിക്കുന്നതാണ് :

| | |
|---|---|
| 1/2020 മുതൽ 4/2022 വരെയുള്ള ആകെ ഉപയോഗം | 1913 KL |
| ആംനസ്റ്റി പദ്ധതി പ്രകാരം ലഭിക്കുന്ന സൗജന്യം (18 x 15 KL) | 270 KL |
| ബാക്കിയുള്ള ഉപയോഗം | 1643 KL |
| പദ്ധതി പ്രകാരം 1643 KL നു നിലവിലെ മിനിമം വാട്ടർ ചാർജ് - Rs.4.41/KL പ്രകാരം അടക്കേണ്ട തുക | Rs.7,246 |
| ഉപഭോക്താവിന് ലഭിക്കുന്ന ആനുകൂല്യം (53133 - 7246) | **Rs.45,887** |

**2.** ഗാർഹികേതര ഉപഭോക്താക്കൾക്ക്

- കണക്ഷൻ വിച്ഛേദിക്കപ്പെട്ടിട്ടുള്ള ഗാർഹികേതര ഉപഭോക്താക്കൾക്ക് യഥാർത്ഥ വാട്ടർ ചാർജ്ജിനോടൊപ്പം ഫൈനായി 2% പ്രതിമാസ ഫൈൻ ഈടാക്കുന്നതിനു പകരം പ്രതിമാസ ഫൈൻ 1% മാത്രം ഈടാക്കി മറ്റെല്ലാ ചാർജ്ജുകളും ഒഴിവാക്കി കണക്ഷൻ പുനഃസ്ഥാപിച്ചു നൽകുന്നതാണ്.
- നിലവിൽ ഗാർഹികേതര കണക്ഷനുകൾക്ക് ലീക്കേജ് ആനുകൂല്യം നൽകുന്നില്ല. കോവിഡ്

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-2022 10:24 PM - Page 6

കാലയളവിൽ (01.03.2020 മുതൽ 31.08.2021 വരെ) ഗാർഹികേതര കണക്ഷനുകളിൽ ലീക്ക് വന്നിട്ടുണ്ടെങ്കിൽ ഗാർഹിക കണക്ഷനുകൾക്ക് ഇപ്പോൾ നൽകിവരുന്ന ലീക്കേജ് ആനുകൂല്യം ഈ പദ്ധതി പ്രകാരം നൽകുന്നതാണ്.

- ലീക്കേജ് സമയത്തെ ബില്ലിംഗ് കാരണമാണ് അധികരിച്ച (Excess) ബില്ലുകൾ വന്നിട്ടുള്ളതെങ്കിൽ ലീക്ക് പരിഹരിച്ച പിന്നീട് വാട്ടർ ചാർജ് ബിൽ തുക കുറഞ്ഞിട്ടുണ്ടെങ്കിൽ മുൻപറഞ്ഞ ആനുകൂല്യം നൽകുന്നതാണ്.
- ജല അതോറിറ്റി ഏറ്റെടുക്കുന്നതിനു മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൊടുത്തിട്ടുള്ള കണക്ഷനുകളിൽ മീറ്റർ ഇല്ലാത്ത സ്ഥാപനങ്ങളും പുതിയ മീറ്ററുകൾ സ്ഥാപിക്കുകയും, 01/04/2019 മുതൽ 30/06/2022 വരെ പ്രതിമാസം 15KLനു ഗാർഹികേതര താരിഫിലെ വാട്ടർ ചാർജ് (ഏകദേശം 6000 രൂപ) അടക്കുകയും ചെയ്താൽ കണക്ഷനുകൾ ക്രമപ്പെടുത്തി നൽകുന്നതാണ്. ഇപ്രകാരം വാട്ടർ അതോറിറ്റിയുമായി സഹകരിക്കാത്ത സ്ഥാപനങ്ങളുടെ വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതാണ്.

3. എല്ലാത്തരം ഉപഭോക്താക്കൾക്കും

- മൂന്ന് വർഷത്തിലധികമായി മീറ്റർ റീഡിങ് ഇല്ലാത്തതും, ബില്ലുകൾ ലഭിക്കാത്തതുമായ ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ് മാത്രം ഈടാക്കി മറ്റു ചാർജുകൾ ഒഴിവാക്കി നൽകുന്നതാണ്.
- ഗാർഹിക ആവശ്യങ്ങൾക്ക് മാത്രം കുടിവെള്ളം ഉപയോഗിക്കുകയും തെറ്റായി ഗാർഹികേതര വിഭാഗത്തിൽ ബില്ലുകൾ നൽകിയിട്ടുള്ള ഉപഭോക്താക്കൾക്ക് ആ കാലയളവിൽ ഗാർഹിക വിഭാഗത്തിലുള്ള നിരക്കനുസരിച്ച് ബില്ലുകൾ പുനക്രമീകരിച്ച് നൽകുന്നതാണ്.
- റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന ഉപഭോക്താക്കൾക്ക് ആവശ്യപ്പെടുന്ന പക്ഷം RR നടപടികൾ പിൻവലിച്ച് ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്. യഥാർത്ഥ വാട്ടർ ചാർജ്ജ് അടച്ചാൽ സർച്ചാർജ് പൂർണമായും ഫൈന ഒഴിവാക്കി നൽകുന്നതാണ്.
- വായു പ്രവാഹം മൂലം അധിക ബിൽ വന്ന ഉപഭോക്താക്കൾക്ക് അധികമായി വന്ന വാട്ടർ ചാർജ് എയർ വാൽവ് ഘടിപ്പിച്ചാൽ ഒഴിവാക്കി നൽകുന്നതാണ്.
- വാട്ടർ ചാർജ് അടച്ച തീർത്ത് കണക്ഷനുകൾ വിച്ഛേദിച്ചിട്ടുള്ളതും എന്നാൽ വിച്ഛേദന ഫീസ് അടയ്ക്കാത്തതിന്റെ പേരിൽ വാട്ടർ ചാർജ് കുടിശിക വന്നിട്ടുള്ള ഉപഭോക്താക്കളുടെ കുടിശ്ശിക വിച്ഛേദന ഫീസ് മാത്രം ഈടാക്കി കുടിശ്ശിക തുക പൂർണമായും ഒഴിവാക്കി നൽകുന്നതാണ്.
- കണക്ഷൻ നിലനിന്നിരുന്ന സ്ഥലം കൈമാറ്റം ചെയ്യപ്പെട്ട കേസുകളിൽ കണക്ഷൻ ഭൗതികമായി നിലവിൽ ഇല്ലെങ്കിൽ യഥാർത്ഥ വാട്ടർ ചാർജ്ജ് മാത്രം ഈടാക്കി കുടിശ്ശിക തുക ഒഴിവാക്കി നൽകുന്നതാണ്.
- മേൽപ്പറഞ്ഞ പ്രകാരം തീർപ്പാക്കുന്ന കണക്ഷനുകളുടെ കുടിശ്ശികയുടെ 50% ഒരുമിച്ച് അടക്കേണ്ടതും ബാക്കി തുക അടയ്ക്കുന്നതിന് ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന പക്ഷം പരമാവധി ആറ് (6) തവണകൾ അനുവദിക്കുന്നതാണ്. തവണകൾ അനുവദിക്കുന്ന പക്ഷം പ്രതിവര്ഷം 12% നിരക്കിൽ സാധാരണ പലിശ (simple interest) ഈടാക്കുന്നതാണ്. ഈ ആംനെസ്റ്റി സ്കീമിൽ തവണകൾ അനുവദിക്കപ്പെട്ട ഉപഭോക്താവ് നിർദിഷ്ട തീയതിക്കകം ഏതെങ്കിലും തവണ തുക അടച്ചില്ലെങ്കിൽ അനുവദിച്ച ആനുകൂല്യങ്ങൾ റദ്ദാകുന്നതാണ്.

<u>നടപടിക്രമങ്ങൾ</u>

- എല്ലാത്തരം പരാതികൾ തീർപ്പാക്കാനുള്ള അധികാരം, തുകയുടെ പരിധി ഇല്ലാതെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ അധ്യക്ഷനായ കമ്മിറ്റിയിൽ റവന്യൂ ഓഫീസർ/DAO, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, റവന്യൂ ഹെഡ് ക്ലാർക്ക് എന്നിവർ അംഗങ്ങൾ ആയിരിക്കും. കമ്മിറ്റിയിലെ എല്ലാ അംഗങ്ങളും കൂട്ടായ അധികാരം ഉണ്ടായിരിക്കുന്നതും, ആംനെസ്റ്റി ഉത്തരവിൽ എല്ലാവരും ഒപ്പിടേണ്ടതുമാണ്.
- എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് പരിഹരിക്കാൻ സാധിക്കാത്ത പരാതികൾ സൂപ്രണ്ടിങ് എൻജിനീയറുടെ മേൽനോട്ടത്തിലുള്ള അപ്പീൽ കമ്മിറ്റി തീർപ്പാക്കുന്നതാണ്. ഈ കമ്മിറ്റിയിൽ അക്കൗണ്ട്സ് ഓഫീസറും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയറും അംഗങ്ങൾ ആയിരിക്കും.
- എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് മാത്രമേ തവണകൾ അനുവദിക്കാൻ അധികാരമുള്ളൂ.
- പരാതി പരിശോധിച്ച് പുതുക്കി നിശ്ചയിച്ച കുടിശ്ശിക തുക SMS മുഖേനയും ഓഫീസിൽ നേരിട്ടും ഉപഭോക്താവിന് അറിയാവുന്നതാണ്.

- **മേൽപ്പറഞ്ഞ എല്ലാ ആനുകൂല്യങ്ങളും ആംനസ്റ്റി പദ്ധതി കാലയളവിൽ മാത്രമേ അനുവദിക്കുകയുള്ളൂ.**

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-2022 10:24 PM - Page 7

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-

അനുബന്ധം 1

| ക്രമനമ്പർ | അപേക്ഷകൻറെ പേരും മൊബൈൽ നമ്പരും | ഉപഭോക്തൃ നമ്പർ | ഉപഭോക്താവിൻറെ മുൻഗണന. | അപേക്ഷയുടെ സ്വഭാവം. | ടോക്കൺ നമ്പർ | പരാതി പരിഹാരം തീയതി | സമയം |
|---|---|---|---|---|---|---|---|
| | | | 1.മാരകരോഗങ്ങൾഉള്ളവർ Registered Medical Practioner-രുടെ Certificate ഹാജരാക്കേണ്ടതാണ്<br><br>2. മാനസിക വെല്ലുവിളി കൾ നേരിടുന്ന കുട്ടികൾ ഉള്ളവർഅത് തെളിയിക്കുന്ന ഒരു ഗസറ്റഡ് ഉദോഗസ്ഥൻ സാക്ഷ്യ പ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് .<br><br>3 . ബി പി എൽ വിഭാഗത്തിലുള്ളവർ റേഷൻ കാർഡിൻ്റെ കോപ്പി ഹാജരാക്കേണ്ടതാണ് . (എല്ലാവിഭാഗത്തിൻറ്റെയും സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്) | 1.റവന്യൂ റിക്കവറി.<br>2. ലീക്ക്<br>3.റീകണക്ഷൻ മുതലായവ .... | | | |

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-

അനുബന്ധം 2
ആംനസ്റ്റി സ്കീം പദ്ധതിപ്രകാരമുള്ള അപേക്ഷ ഫോം

സെക്ഷൻ ഓഫീസ് :-
അപേക്ഷ ഫോം നമ്പർ:-
കൺസ്യൂമർ നമ്പർ :-
ഉപഭോക്താവിൻറെ പേര്:-
അപേക്ഷകൻറെ പേര് :-

ഉപഭോക്താവും അപേക്ഷകനും വ്യത്യസ്ത വ്യക്തികളാണെങ്കിൽ അപേക്ഷകനുമായുള്ള ബന്ധം:ആംനസ്റ്റി സ്കീമിന് കീഴിൽ അപേക്ഷിക്കാനുള്ള കാരണം (ആവശ്യമായ ഓപ്ഷൻ ടിക്ക് ചെയ്യുക)

| ക്രമനമ്പർ | കാരണം | Tick Mark |
|---|---|---|
| 1 | കുടിശിക കാരണം വിച്ഛേദിച്ചത് | |
| 2 | മാരകരോഗങ്ങളായ കാൻസർ , അവയവ മാറ്റിവക്കൽ , കിഡ്നിരോഗം , മനസികവൈകല്യം എന്നിവയുള്ളവർ (ഡോക്ടർ സെർട്ടിഫിക്കറ്റ് ഹാജരാക്കണം) | |
| 3 | ലീക്കേജ് കാരണം അസാധാരണ ബിൽ വന്നത് | |
| 4 | റവന്യൂ നടപടികൾ വാട്ടർ അതോറിറ്റി ആരംഭിച്ച ഉപ്രഭോക്താവ് | |
| 5 | പി എച്ച് ഡി ആകുന്നതിന് മുൻപ് എടുത്തതും റഗുലറൈസ് ചെയ്യാത്തതുമായ ഉപഭോക്താവ് | |
| 6 | 3 വർഷമായി മീറ്റർ റീഡിഗ് എടുക്കാത്തതും ബില്ല് നല്കാത്തതുമായ ഉപഭോക്താക്കൾ | |
| 7 | കാറ്റഗറി മാറ്റുന്നതും മാറിയതുമൂലവും  ഉള്ള പരാതികൾ | |
| 8 | വസ്തുവിൻറെ മുൻ ഉടമസ്ഥൻറെ പേരിലുള്ളതും ഉപഭോക്താവ് ഉപയോഗിക്കാത്ത  വാട്ടർ ചാർജ് സംബന്ധിച്ച പരാതി.(ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണം) | |
| 9 | എയർ ലീക്കേജ് കാരണം കുടിശ്ശിക വന്ന ഉപഭോക്താവ് (എയർ വാൽവ് ഫിക്സ് ചെയ്യണം) | |
| 10 | ഉപഭോക്താവ് കണക്ഷൻ വിച്ഛേദിക്കുന്നതിനു അപേക്ഷ നൽകുകയും എന്നാൽ വിച്ഛേദന ഫീസ് അടക്കാതെ വാട്ടർ ചാർജ് വന്നുകൊണ്ടിരിക്കുകയും ചെയ്ത് ഉപഭോക്താവ് | |

Draft #11 of File KWA/HO/RMC/R3/598/2022 Approved by Finance Manager & Chief Accounts Officer on 21-Jul-2

## അനുബന്ധം 3

---------എന്ന ഞാൻ കേരള വാട്ടർ അതോറിറ്റിയുടെ ------എന്ന കണക്ഷൻ എടുത്തിട്ടുണ്ട്.പ്രസ്തുത കണക്ഷനിൽ ഉണ്ടായ വാട്ടർ ചാർജ് സംബന്ധിച്ച പരാതി ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി പരിഹരിച്ചിരിക്കുന്നതിനാൽ, ഞാൻ കോടതികളിയോ / മറ്റു ഇതര പരാതി പരിഹാര ഫോറത്തെയോ ടി വിഷയത്തിൽ സമീപിക്കുക ഇല്ലെന്നും നിലവിലുള്ള എല്ലാ വ്യവഹാരങ്ങളിൽ നിന്നും പിന്മാറുകയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി :
സ്ഥലം : ഒപ്പ്

പേര്
മേൽവിലാസം

## അനുബന്ധം 4

| ക്രമ നമ്പര് | ടോക്കണ് നമ്പര് | ഉപഭോക്തൃ നമ്പര് | അപേക്ഷ പരിഹരിച്ചോ ഇല്ലയോ | അദാലത്ത് തീരുമാന പ്രകാരം അടക്കേണ്ട തുക | ലെഡ്ജര് പ്രകാരം അടക്കേണ്ട തുക | ഇളവ് അനുവദിച്ച തുക | ഇന്സ്റ്റാള്മെന്റ് അനുവദിച്ചിട്ടുണ്ടെങ്കില് അതിന്റെ വിവരങ്ങള് |
|---|---|---|---|---|---|---|---|
| | | | | | | | |